പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2777 19/06/2014 ൽ മറുപടിയ്ക്ക്

# ആലപ്പുഴ ജില്ലയിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി അട്ടിമറിക്കാൻ ശ്രമിച്ച 12 വില്ലേജ് ഓഫീസർമാർക്കെതിരെ ജില്ലാ കളക്ടർ മെമ്മോ നൽകി എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം വില്ലേജ് ഓഫീസർമാർക്ക് എതിരെയാണ് ഇപ്രകാരം ആരോപണങ്ങൾ ഉണ്ടായതെന്നും മെമ്മോ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) ആലപ്പുഴ ജില്ലയിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി അട്ടിമറിക്കാൻ 12 വില്ലേജ് ഓഫീസർമാർ ശ്രമിച്ചു എന്ന പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ കളക്ട്രേറ്റിൽ നിന്നും ജില്ലയിലെ ഒരു വില്ലേജ് ഓഫീസർക്കും ഇതു സംബന്ധിച്ച് മെമ്മോ നൽകിയിട്ടില്ല. 22.05.2014 ൽ നടന്ന വില്ലേജ് ഓഫീസർമാരുടെ ഏപ്രിൽ 2014 ലെ ഓൺ ലൈൻ സർട്ടിഫിക്കറ്റുകളുടെ വിതരണം സംബന്ധിച്ച അവലോകന യോഗത്തിൽ 100 ൽ താഴെ മാത്രം ഓൺലൈൻ സർട്ടിഫിക്കറ്റ് നൽകിയ വില്ലേജ് ഓഫീസർമാരിൽ നിന്നും ആയതിനുള്ള കാരണം നേരിട്ട് ആരാഞ്ഞിട്ടുണ്ട്. |
| (ബി) മെമ്മോ നൽകിയിട്ടില്ലെങ്കിൽ ഇപ്രകാരം ഒരു വാർത്തയുടെ ഉറവിടം ഏതാണെന്നു ബോധ്യപ്പെട്ടിട്ടുണ്ടോ; ഈ സംഭവത്തിനു കാരണക്കാരായവർക്കെതിരെ അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) പ്രസ്തുത പത്ര വാർത്തയുടെ ഉറവിടം ഏതാണെന്ന് നാളിതുവരെ കണ്ടെത്താനായിട്ടില്ല. |
| (സി) കളക്ടർ വിളിച്ചു ചേർത്ത യോഗത്തിൽ തിരഞ്ഞെടുപ്പ് തിരക്കുകൾ, ഇന്റർനെറ്റ് തകരാറുകൾ, അക്ഷയ കേന്ദ്രങ്ങളിൽ അപേക്ഷകൾ വാങ്ങികെട്ടിവച്ച് വളരെ വൈകി മാത്രം അയക്കുന്നത്, സോഫ്റ്റ്‌വെയറിൽ എഡിറ്റ് എന്ന ഓപ്ഷൻ ഇല്ലാത്തത് തുടങ്ങിയ നിരവധിയായ പ്രശ്നങ്ങൾ റവന്യൂ ഉദ്യോഗസ്ഥർ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എന്തു പരിഹാരമാണ് ഉണ്ടാക്കിയിരിക്കുന്നത് എന്നു പറയാമോ; | (സി) ഇന്റർനെറ്റ് സംബന്ധമായ തകരാറുകളുടെ വിവരങ്ങൾ ജില്ലാ ഐ.റ്റി. സെല്ലിലേയ്ക്ക് അറിയിക്കുവാൻ വില്ലേജ് ഓഫീസർമാരോട് നിർദ്ദേശിക്കുകയും അക്ഷയകേന്ദ്രങ്ങളെക്കുറിച്ചുള്ള പരാതികൾ പരിശോധിച്ച് റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുവാൻ അക്ഷയയുടെ ജില്ലാ കോ - ഓർഡിനേറ്ററേയും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സോഫ്റ്റ്‌വെയറിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് ആയത് സംസ്ഥാന ഐ.റ്റി. മിഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കി അതിനായി ജീവനക്കാരെ നിയമിച്ച് അക്ഷയ കേന്ദ്രങ്ങളുടെ സാമ്പത്തിക ചൂഷണം അവസാനിപ്പിക്കാനും ജനങ്ങൾക്ക് വളരെ വേഗം സേവനം ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ? | (ഡി) പരിശോധിച്ച് ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ